ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റി ശുപാർശചെയ്തിട്ടുള്ള പദ്ധതികൾ

*൧൧൦൨. (നന്തു) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തൃശ്ശൂർ ഡിവിഷൻ ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റി ഇതുവരെ എത്ര പണികൾ ശുപാർശചെയ്തു അയച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അതിൽ ഏതെല്ലാം പണികൾക്കു ഗവൺമെണ്ട് അനുമതി നല്കി കഴിഞ്ഞു എന്നും അതിൽ എത്ര പണികൾ ആരംഭിച്ചു കഴിഞ്ഞു എന്നും ദയവായി പറയാമോ;

(ബി) ബാക്കി പണികൾ എപ്പോൾ ആരംഭിക്കുമെന്നും പറയാമോ?

പൊതുമരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൻ ഫിലിപ്പോസ്):

(എ) ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) ഈയാണ്ടിൽത്തന്നെ അനുവദിച്ചിട്ടുള്ള എല്ലാ പണികളും പൂർത്തിയാക്കുന്നതിലേയ്ക്കു വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

വ്യവസായ ശാലകൾ

*൧൧൦൩. (൪൦) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) സംയോജനത്തിനുശേഷം തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ വിദേശികളോ വിദേശകമ്പനിക്കാരോ വ്യവസായശാല തുടങ്ങിയിട്ടുണ്ടോ;

(ബി) സ്വദേശികൾ വല്ല വ്യവസായശാലയും തുടങ്ങിയിട്ടുണ്ടോ.

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ:)

(എ) ഇല്ല.

(ബി) ഉണ്ട്.

പട്ടിക ജാതിക്കാർ

*൧൧൦൪. (൪൧) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിരുവിതാംകൂർ–കൊച്ചിയിലെ പട്ടിക ജാതിയിൽ പെടുന്ന സമുദായങ്ങൾ ഏതെല്ലാം;

(ബി) കുട്ടമ്മി, വീരശൈവർ, വേളാർ എന്നീ സമുദായങ്ങൾ പട്ടിക ജാതിയിൽ ഉൾപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള മാനദണ്ഡമെന്ത്;

(സി) ൧൯൫൧, ൧൯൫൭ ഈ വർഷങ്ങളിലെ സെൻസസ്സ് റിപ്പോർട്ടുകളിൽ അധഃകൃതർ എന്നു വിവക്ഷിക്കപ്പെടാതിരുന്ന ഏതെല്ലാം സമുദായങ്ങളെ പട്ടിക വർഗ്ഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതിനു ഇന്നുണ്ടായ സാഹചര്യങ്ങൾ അഥവാ കാരണങ്ങൾ എന്തെല്ലാമെന്നും ദയവായി പറയുമോ?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ:)

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിൽ പട്ടിക ജാതിയിൽ പെടുന്ന സമുദായങ്ങളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly